**Athmaraksha.org**

പാപ്പ ലോകത്തിനു നൽകുന്ന സന്ദേശം

## തൊഴിലാളികളെ ചൂഷണം ചെയ്തു പണം സമ്പാദിക്കുന്ന മുതലാളിമാർ



### തൊഴിലാളികളെ ചൂഷണം ചെയ്തു പണം സമ്പാദിക്കുന്ന മുതലാളിമാർക്കെതിരെ ശക്തമായ ഭാഷയിൽ പ്രതികരിച്ചുകൊണ്ട് ഫ്രാൻസിസ് മാർപാപ്പ

വത്തിക്കാൻ: തൊഴിലാളികളെ ചൂഷണം ചെയ്തു പണം സമ്പാദിക്കുന്ന മുതലാളിമാർക്കെതിരെ ഫ്രാൻസിസ് മാർപാപ്പ ശക്തമായ ഭാഷയിൽ പ്രതികരിക്കുന്നു. തൊഴിൽ രംഗത്തെ വിവിധ ചൂഷണങ്ങൾക്കെതിരെ ശക്തമായ ഭാഷയിലാണു ഫ്രാൻസിസ് പാപ്പ തന്റെ പ്രതികരണങ്ങൾ നടത്തിയത്. ബൈബിളിൽ ഇത്തരക്കാരെ കുറിച്ചു പറയുന്ന ഭാഗങ്ങളിൽ ഊന്നിയായിരുന്നു പാപ്പ തന്റെ പ്രസംഗം നടത്തിയത്. ഡോമസ് സാന്റെ മാർക്തേ ചാപ്പലിൽ വിശുദ്ധ ബലി അർപ്പിക്കുന്നതിനിടെ നടത്തിയ പ്രസംഗത്തിനിടെയാണു പാപ്പ ചൂഷണങ്ങൾക്കെതിരെ സംസാരിച്ചത്.

'തൊഴിലാളികളുടെ വിയർപ്പിനു തക്കവിധം പ്രതിഫലം നൽകാത്തവർ യഥാർത്ഥ അട്ടകളാണ്. രക്തം ഊറ്റികുടിക്കുന്ന അട്ടകൾ. അടിമകളെ പോലെയാണ് ഇവർ തങ്ങളുടെ കൂടെ തൊഴിൽ ചെയ്യുന്നവരെ കാണുന്നത്.' പാപ്പ തന്റെ വാക്കുകൾ കൂട്ടിച്ചേർത്തു. അപ്പോസ്തോലനായ വിശുദ്ധ പൗലോസ് യാക്കോബിനെഴുതിയ ലേഖനത്തിന്റെ അഞ്ചാം അദ്ധ്യായത്തിലെ ആദ്യ അഞ്ചു വചനങ്ങൾ പാപ്പ പ്രത്യേകം സൂചിപ്പിച്ചു. ജോലിക്കാരുടെ കൂലി നൽകാത്ത യജമാനൻമാരുടെ മേൽ വരുന്ന ദൈവമായ കർത്താവിന്റെ ശിക്ഷയെ കുറിച്ചാണ് അപ്പോസ്തോലൻ ഈ വാക്യങ്ങളിൽ ഓർമ്മിപ്പിക്കുന്നത്.

താൻ അടുത്തിടെ സംസാരിച്ച ഒരു യുവതിയുടെ അനുഭവവും പാപ്പ പറഞ്ഞു. 'പതിനൊന്നു മണിക്കൂർ ഓഫീസിൽ കഷ്ടപ്പെടുന്ന യുവതിക്ക് ഒരു മാസം കിട്ടുന്ന കൂലി വെറും 650 യൂറോയാണ്. ഇത്തരത്തിൽ ജോലിയെടുപ്പിക്കുന്നത് ശരിക്കും അടിമത്വമാണ്. ആളുകളെ ചൂഷണം ചെയ്യുകയാണിവിടെ. ഇതു സുവിശേഷത്തിന് എതിരാണ്'. പാപ്പ വിവരിച്ചു. ലാസറിന്റെയും ധനവാന്റെയും കഥ പാപ്പ വീണ്ടും ഓർമ്മിപ്പിച്ചു. തന്റെ അടഞ്ഞുകിടക്കുന്ന

വാതിലിന്റെ അപ്പുറത്ത് വിശപ്പാണെന്ന ധനവാൻമാരായവർ മനസിലാക്കണമെന്നും പാപ്പ പറഞ്ഞു. മനുഷ്യക്കടത്തിനേയും നിർബന്ധിപ്പിച്ച ജോലികൾ ചെയ്യിപ്പിക്കുന്നതിനേയും പാപ്പ വിമർശിച്ചു. അവധിയും ഇൻഷുറൻസും മറ്റ് ആനുകൂല്യങ്ങളും നൽകാത്ത കമ്പനികളേയും പാപ്പ പ്രസംഗത്തിനിടെ പരാമർശിച്ചു.

ധനവാനാകുന്നതിൽ തെറ്റൊന്നുമില്ലെന്ന പറഞ്ഞ പാപ്പ അതു നാശത്തിലേക്കുള്ള വഴിയായി മാറരുതെന്നും പറഞ്ഞു. സൗമ്യതയുടെ പാഠങ്ങളാണ ക്രിസ്തു പഠിപ്പിച്ചതെന്ന പറഞ്ഞ മാർപാപ്പ പണത്തിന്റെ പിറകെ മാത്രം പോകുന്നവർ ക്രിസ്തുവിനെ ഉപേക്ഷിച്ചിട്ടാണ് ആ വഴി നടക്കുന്നതെന്ന കാര്യവും ഓർമ്മിപ്പിച്ചു. 'ദാഹിക്കുന്നവന ക്രിസ്തുവിന്റെ നാമത്തിൽ ഒരു ഗ്ലാസ് വെള്ളം കൊടുക്കുന്നതാണ ചൂഷണത്തിലൂടെ സമ്പാദിച്ച എല്ലാ ധനങ്ങൾക്കും സ്വത്തുക്കൾക്കും മീതെയുള്ള ശരിയായ സമ്പത്ത്'. ഈ വാചകങ്ങളോടെയാണ പാപ്പ തന്റെ പ്രസംഗം അവസാനിപ്പിച്ചത്.

കടപ്പാട്: pravachakasabdam.com